**Lalith Babu**

# വകുപ്പ് 6(3) ലെ വ്യവസ്ഥകളിൽ വ്യതിയാനം വരുത്താൻ പാടില്ല

**പഞ്ചായത്ത് ഓഫീസിൽ ഒരു വിവരാവകാശ അപേക്ഷ ലഭിച്ചു. അപേക്ഷയിൽ ആവശ്യപ്പെട്ടിരിക്കുന്ന മുഴുവൻ വിവരങ്ങളും കൃഷി ഓഫീസുമായി ബന്ധപ്പെട്ടതായിരുന്നു. അത് കൃഷി ഓഫീസറിൽ നിന്നും വാങ്ങി അപേക്ഷകന് നൽകാം എന്ന നല്ല ഉദ്ദേശത്തോടെ പഞ്ചായത്ത് ഓഫീസിലെ SPIO ആ വിവരങ്ങൾ കൃഷി ഓഫീസറിൽ നിന്നും വാങ്ങി അപേക്ഷകന് നൽകി. ലഭിച്ച ചില വിവരങ്ങളിൽ അതൃപ്തനായ അപേക്ഷകൻ പഞ്ചായത്ത് ഡെപ്യൂട്ടി ഡയരക്ടർക്ക് ഒന്നാം അപ്പീൽ സമർപ്പിച്ചിരിക്കുന്നു.**

ഇവിടെ ഒരു നിയമ പ്രശനം ഉണ്ടായിരിക്കുകയാണ്. വകുപ്പ് 6(3) പ്രകാരം ആ അപേക്ഷ കൃഷിഭവനിലേക്ക് കൈമാറേണ്ടതായിരുന്നു. വിവരങ്ങൾ വാങ്ങി അപേക്ഷകന് നൽകാം എന്ന തീരുമാനം നല്ല ഉദ്ദേശത്തോടെയായിരുന്നുവെങ്കിലും നിയമ പ്രശ്നത്തിനു കാരണമായിതീർന്നു

ഒന്നാം അപ്പീൽ അധികാരിയായ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർക്ക് വിവരാവകാശനിയമത്തിലെ വ്യവസ്ഥകൾ പ്രകാരം കൃഷി ഓഫീസറുടെ മേൽ അധികാരമില്ല. ആയതിനാൽ കൃഷി ഓഫീസർ നൽകിയ വിവരങ്ങൾ പരിശോധിച്ച് കൃഷി ഓഫീസർക്ക് നിർദേശം നൽകാൻ കഴിയില്ല. ഇനി ഒന്നാം അപ്പീൽ തീർപ്പാക്കാൻ കൃഷി ഓഫീസറുടെ ഒന്നാം അപ്പീൽ അതോറിറ്റിക്ക് അപ്പീൽ കൈമാറിയാലും നിയമ പ്രശനങ്ങളുണ്ട്. SPIO എന്ന നിലയക്ക് കൃഷി ഓഫീസർ ഇവിടെ അപേക്ഷ തീർപ്പാക്കിയിട്ടില്ല. ആയതിനാൽ കൃഷി ഓഫീസറുടെ ഒന്നാം അപ്പീൽ അതോറിറ്റിക്ക് ഈ വിഷയത്തിൽ നടപടി സ്വീകരിക്കുവാൻ കഴിയുമോ എന്ന ചോദ്യം നിലനിൽക്കുന്നു. വിവരാവകാശ കമ്മീഷന് മാത്രമേ ഇനി ഈ വിഷയത്തിൽ തീരുമാനമെടുക്കുവാൻ കഴിയുകയുള്ളൂ

വിവരാവകാശ നിയമം ഒരു special Act ആണ്. ഈ നിയമത്തിനു അതിന്റേതായ നടപടിക്രമങ്ങളുണ്ട്. സാധാരണ ഓഫീസ് നടപടിക്രമങ്ങളിൽ നിന്നുള്ള ചില വ്യതിയാനങ്ങൾ ആണ് ഈ നിയമത്തിന്റെ പ്രത്യേകത. SPIO ⇨ First Appeal Authority ⇨ Information Commission ⇨ Court എന്നിങ്ങനെയുള്ള ശ്രേണിയാണ് ഈ നിയമത്തിലുള്ളത്. ഇതിനിടക്ക് മറ്റാർക്കും റോളില്ല. നിലവിലുള്ള മറ്റു അധികാരങ്ങൾ ഉപയോഗിച്ചു ഈ നിയമത്തിലെ നടപടിക്രമങ്ങളിൽ ഇടപെടാതിരിക്കുവാൻ ശ്രദ്ധിക്കുക